**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6408 21.11.2019-ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം നഗരത്തിലെ മേൽപ്പാലനിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം നഗരത്തിലെ നിർദ്ദിഷ്ട മേൽപ്പാലങ്ങളായ പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നിവയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പുൾപ്പെടെയുള്ള നടപടിക്രമങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നിടങ്ങളിലെ നിർദ്ദിഷ്ട മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ച് വരുന്നു. സാമൂഹികാഘാത പഠനം മൂന്നിടത്തും പൂർത്തിയായിട്ടുണ്ട്. ശ്രീകാര്യം മേൽപ്പാലത്തിനാവശ്യമായ സ്ഥലമെടുപ്പിനുള്ള പ്രാഥമിക വിജ്ഞാപനം ജില്ലാകളക്ടർ പുറപ്പെടുവിക്കുകയും തുടർന്ന് സർവ്വെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതിക്ക് അനുമതി നൽകിയിരിക്കുന്നത്. |
| (സി) സാങ്കേതിക അനുമതി ലഭിച്ചിട്ടില്ലായെങ്കിൽ ആയത് എന്നേയ്ക്ക് നൽകാൻ കഴിയും എന്നറിയിക്കാമോ; | | |
| (ഡി) ഈ പദ്ധതിക്ക് ഏതെങ്കിലും രീതിയിലുള്ള കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | പദ്ധതിക്കുള്ള സാങ്കേതിക കൺസൽറ്റന്റിനെ തെരെഞ്ഞെടുത്തു നിയമിക്കുന്നതിലേക്കായുള്ള ഇ-ടെൻണ്ടർ 2019 ജൂലൈയ് 3 ന് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ടെൻണ്ടറിൽ 8 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തു. ടെൻണ്ടർ നടപടികൾ ഉടൻ പൂർത്തിയാക്കി കൺസൽറ്റന്റിനെ നിയമിക്കുന്നതാണ്. |
| (ഇ) പ്രസ്തുത മേൽപ്പാല നിർമ്മാണ പദ്ധതിക്ക് എന്നേയ്ക്ക് തുടക്കം കുറിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | പ്രസ്തുത മേൽപ്പാല നിർമ്മാണ പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ